# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 983 09/08/2017-ൽ മറുപടിയ്ക്ക്

## മദ്യശാലകൾക്ക് എൻ ഒ സി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, വി.ഡി.സതീശൻ<br>,, കെ.സി.ജോസഫ്<br>,, റോജി എം.ജോൺ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മദ്യശാലകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി പത്രം (എൻ ഒ സി) വേണമെന്ന വ്യവസ്ഥ എടുത്തുകളഞ്ഞിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു എന്ന് അറിയിക്കുമോ; | (എ) എടുത്തുകളഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ആകെ ഒരേതരത്തിലുള്ള അബ്കാരി നയം നടപ്പാക്കുന്നതിനും വിവിധ അപേക്ഷകർ തമ്മിലും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ളതുമായ വിവേചനം അവസാനിപ്പിക്കുന്നതിനുമാണ് കേരള മുനിസിപ്പാലിറ്റി ആക്ട് 447-)ഠം വകുപ്പും കേരള പഞ്ചായത്ത് രാജ് ആക്ട് 232-)ഠം വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചത്. |
| (ബി) ബാറുകൾ പ്രവർത്തിപ്പിക്കുവാൻ എൻ.ഒ.സി ലഭിക്കുന്നതിൽ തടസ്സം നേരിടുന്നതായി പരാതി ലഭിച്ചിരുന്നോ; നിയമഭേദഗതി ഓർഡിനൻസായി കൊണ്ടുവന്നത് അതിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അധികാര വികേന്ദ്രീകരണത്തിന് വേണ്ടി നിലകൊള്ളുന്ന സർക്കാർ നയത്തിന് കടകവിരുദ്ധമാണ് ഈ തീരുമാനം എന്ന ആക്ഷേപം പരിശോധിച്ചിരുന്നുവോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മദ്യവർജ്ജനമെന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന് ഈ ഭേദഗതി എപ്രകാരമാണ് സഹായകരമാകുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | മദ്യവർജ്ജനം തന്നെയാണ് സർക്കാരിന്റെ മുഖ്യലക്ഷ്യം. മദ്യശാലകൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി വേണമെന്ന നിബന്ധന മദ്യവർജ്ജനത്തെയോ മദ്യനിരോധനത്തേയോ സഹായിക്കുന്നതായി കരുതുന്നില്ല. എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മദ്യവർജ്ജനത്തിലേയ്ക്ക് ജനങ്ങളെ എത്തിച്ചേർക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ